സത്യം വിധാതും നിജ ഭൃത്യഭാഷിതം
വ്യാപ്തിം ച ഭുതേഷ്വഖിലേഷു ചാത്മന:
അദൃശ്യതാത്യദ്ഭുതരൂപമുദ്വഹൻ
സ്തംഭേ സഭായാം ന മൃഗം ന മാനുഷം **(7–8–18)**
നതദ്വിചിത്രം ഖലു സത്ത്വധാമനി
സ്വതേജസാ യോ നു പുരാ*f*പിബത് തമ:
തതേ*f*ഭി പദ്യാഭ്യഹനന്മഹാസുരോ
രുഷാ നൃസിംഹം ഗദയോരുവേഗയാ **(7–8–25)**

*നാരദമുനി തുടർന്നു:*
പ്രഹ്ലാദന്റെ വാക്കുകൾ കേട്ട് കൂട്ടുകാരും രാക്ഷസവൃത്തികൾ ഉപേക്ഷിച്ച് ഭഗവൽഭക്തന്മാരായി. ഇതുകേട്ട് രാജാവ് ക്രുദ്ധനായി പ്രഹ്ലാദനോട് കൽപ്പിച്ചു. “എന്റെ അധികാരത്തെ വകവെക്കാതെ ആരുടെ ബലത്താലാണ് നമ്മുടെ വിശുദ്ധമായ ആചാരങ്ങളേയും പാരമ്പര്യത്തേയും നീ എതിർക്കുന്നത്? ദേവന്മാരുടെ പ്രവർത്തനങ്ങൾ പോലും നിയന്ത്രിക്കുന്നത് ഞാനാണ്”. ഏറ്റവും ഉയർന്ന സംസ്കാരത്തിന്റെ മൂർത്തിമദ്ഭാവം തന്നെയായ പ്രഹ്ലാദൻ അചഞ്ചലനായി, മന:സംയമനത്തോടെ, പരമസത്യത്തിന്റെ പൊരുളറിയാവുന്നതിന്റെ ആത്മധൈര്യത്തോടെ ഇങ്ങിനെ പറഞ്ഞു: “ഭഗവാനാണച്ഛാ എന്റെ ബലം. അങ്ങയുടെ ശക്തിയും ഭഗവാൻ തന്നെ. എല്ലാ ജീവജാലങ്ങളുടേയും ഉള്ളിൽ സ്ഥിതിചെയ്ത് നിയന്ത്രിക്കുന്നത് അവിടുന്നത്രേ. അങ്ങയുടെ ശത്രുവാണ് ഭഗവാൻ എന്ന തെറ്റിദ്ധാരണ അവസാനിപ്പിച്ചാലും, കാരണം അവിടുന്ന് നമ്മുടെയെല്ലാം രക്ഷകനത്രേ. ഒരുവന്റെ ഉള്ളിലുള്ളതല്ലാതെ മറ്റൊരു ശത്രുവും ആർക്കുമില്ല. നിയന്ത്രണമില്ലാത്ത, മാലിന്യം നിറഞ്ഞ മനസ്സാണ് ഒരുവന്റെ ഏറ്റവും വലിയ ശത്രു. ഈ ശത്രുവിനെ കീഴടക്കാൻ ഭഗവൽപ്രേമം വളർത്തുക മാത്രമേ മാർഗ്ഗമുള്ളൂ. ഹിരണ്യകശിപുവിന്റെ കോപം അതിർത്തി വിട്ടു. ബാലനെ പിടിച്ചുകുലുക്കിക്കൊണ്ട് അയാൾ അലറി. “ഞാൻ മാത്രമാണ് ഭഗവാൻ, മറ്റാരുമില്ല. ഇപ്പോൾത്തന്നെ നിന്റെ തലയറുത്തു കളയാം, വിഡ്ഢീ, നിന്നെ രക്ഷിക്കാൻ ആരുമുണ്ടാവില്ല. നിന്റെ ഭഗവാൻ എല്ലായിടത്തുമുണ്ടെങ്കിൽ ഈ തൂണിൽ ഇല്ലാതിരിക്കുമോ?” എന്നും പറഞ്ഞ് തന്റെ ഉരുക്കു മുഷ്ടി തൂണിലിടിച്ചു. തൂണ് വലിയൊരിടി മുഴക്കത്തോടെ പൊട്ടിത്തുറന്നു. വിശ്വപ്രളയം സംഭവിക്കുകയാണോ എന്നു സംശയം തോന്നുമാറുച്ചത്തിലായിരുന്നു അത്. തൂണു പിളർന്ന ശക്തി വിശ്വാണ്ഡത്തെ പൊട്ടിച്ച് ദിവ്യാവതാരം പ്രത്യക്ഷമായതു പോലെ തോന്നി.

തന്റെ ഭക്തന്റെ വാക്കുകൾ സാധൂകരിക്കാൻ വെമ്പിയപോലെ സർവ്വവ്യാപിയാണെന്ന് തെളിയിച്ചു കൊണ്ട് ഭഗവാൻ, തൂണിൽനിന്ന് നരസിംഹരൂപത്തിൽ അവതരിച്ചു. മനുഷ്യനും മൃഗവുമല്ലാത്ത സത്വം. രാക്ഷസൻ അമ്പരന്നു. ഇങ്ങിനെയൊന്നിനെ മുൻപ് നേരിട്ടിട്ടേയില്ല. പേടിപ്പെടുത്തുന്ന, തിളക്കമേറിയ കണ്ണുകൾ, വാൾത്തലപോലെ മൂർച്ചയുള്ള നാവ്, ഭയാനകമായ വായ, ആകാശം മുട്ടുന്ന തല, എണ്ണിയാലൊടുങ്ങാത്ത കയ്യുകൾ. മാരകമായ നഖങ്ങളാണതിന്റെ ആയുധങ്ങൾ. രാക്ഷസൻ, തന്റെ മരണം അറിവുള്ള ജീവജാലങ്ങളിൽനിന്നുമുണ്ടാവില്ലെന്ന് വരംകൊണ്ട് ഉറപ്പു വരുത്തിയിരുന്നുവല്ലോ. പക്ഷേ, ഈ രൂപം കേട്ടറിവുള്ള ഒരു ജീവിയുമായി സാദൃശ്യം ഉള്ളതല്ല. ദിവ്യബുദ്ധിയെ പറ്റിക്കാനാവില്ലെന്ന് ഹിരണ്യകശിപുവിന് അറിയാമായിരുന്നു. എങ്കിലും അയാൾ നരസിംഹത്തിനു നേരെ പാഞ്ഞുചെന്നു. രാക്ഷസൻ ഭഗവാന്റെ സമീപത്തേക്ക് ചെല്ലുമ്പോൾ ഇരുട്ടിനെ വെളിച്ചം എന്ന പോലെ നരസിംഹാവതാരം ഹിരണ്യകശിപുവിനെ വിഴുങ്ങുന്നതായി കാണപ്പെട്ടു. എന്നിട്ടും രാക്ഷസൻ തന്റെ ഗദയുമായി ഭഗവാനെ പ്രഹരിച്ചു. ഭഗവാന്റെ പിടിയിൽനിന്നും രാക്ഷസൻ കുതറിമാറി. അവനെ പിടിച്ച് മടിയിലിരുത്തി (ഭൂമിയിലോ ആകാശത്തിലോ അല്ല), സ്വയം ഉമ്മറപ്പടിയിൽ (അകത്തോ പുറത്തോ അല്ല) ഇരുന്ന് നഖങ്ങൾ കൊണ്ട് (ആയുധങ്ങൾ ഒന്നുമില്ല) രാക്ഷസന്റെ ദേഹം വലിച്ചു കീറി. അങ്ങിനെ ബ്രഹ്മാവു നൽകിയ വരം തെറ്റിക്കാതെതന്നെ ഭഗവാൻ തന്റെ അവതാരോദ്ദേശം നിറവേറ്റി. ദേവതകളും, സ്വർഗ്ഗവാസികളും, മാമുനിമാരും അപ്പോൾ അവിടെ ആഗതരായി. ബ്രഹ്മാവ്, രുദ്രൻ, ഇന്ദ്രൻ തുടങ്ങി മറ്റു ദേവവൃന്ദങ്ങളും ഭഗവാന്റെ നരസിംഹാവതാരത്തെ സ്തുതിച്ചു പാടി.